"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നിയമ (യൂണിഫൈഡ് സ്പെഷ്യൽ സെൽ) വകുപ്പ് - കേരള നിയമ പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച പതിനഞ്ചാമത് റിപ്പോർട്ടിലെ നിർദ്ദിഷ്ട "THE KERALA REPEALING AND SAVING BILL, 2021" എന്ന കരട് ബില്ലിൽ ഉൾപ്പെട്ട റദ്ദാക്കുന്നതിനുള്ള 122 ആക്റ്റുകളിൽ നിന്നും കേന്ദ്ര ആക്റ്റുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള 5 (അഞ്ച്) കേരള ഭേദഗതി ആക്റ്റുകൾ ഒഴിവാക്കണമെന്ന കേരള നിയമ പരിഷ്കരണ കമ്മീഷന്റെ ശിപാർശക്ക് അംഗീകാരം നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നിയമ (യൂണിഫൈഡ് സ്പെഷ്യൽ സെൽ) വകുപ്പ്**

സ.ഉ.(കൈ) നം.26/2022/LAW തീയതി,തിരുവനന്തപുരം, 16-05-2022

---

പരാമർശം:-

1. സ.ഉ. (എം.എസ്) നമ്പർ 73/2021/നിയമം, തീയതി 24/11/2021
2. കേരള നിയമ പരിഷ്കരണ കമ്മീഷൻ സെക്രട്ടറിയുടെ 03/02/2022 തീയതിയിലെ 12/ഇ1/2021/കെഎൽആർസി നമ്പർ കത്ത്.

**ഉത്തരവ്**

കേരള നിയമ പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച പതിനഞ്ചാമത് റിപ്പോർട്ടിന് അംഗീകാരം നൽകികൊണ്ടും പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെട്ട "The Kerala Repealing and Saving Bill, 2021" എന്ന കരട് ബില്ലിലെ പട്ടികയിലുള്ള ക്രമ നമ്പർ 1 മുതൽ 96 വരെയുള്ള 96 ആക്റ്റുകൾ ഒഴിവാക്കി, ക്രമ നമ്പർ 97 മുതൽ 218 വരെയുള്ള 122 ആക്റ്റുകൾ റദ്ദ് ചെയ്യുന്നതിന്, പ്രസ്തുത കരട് ബില്ലിന്മേൽ പരിശോധന നടത്തി നിയമനിർമ്മാണ നടപടികൾ നടത്തുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി നിയമ (നിയമനിർമ്മാണം-ഡി) വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

എന്നാൽ, കേരള നിയമ പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച പതിനഞ്ചാമത് റിപ്പോർട്ടിൽ ഉൾപ്പെട്ട "The Kerala Repealing and Saving Bill, 2021" എന്ന കരട് ബില്ലിൽ ഉൾപ്പെട്ട, കേന്ദ്ര ആക്റ്റുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള 5 (അഞ്ച്) കേരള ഭേദഗതി ആക്റ്റുകൾ, പ്രസ്തുത 5 (അഞ്ച്) കേരള ഭേദഗതി ആക്റ്റുകൾ റദ്ദാക്കാനാകാത്തതിനാൽ "The Kerala Repealing and Saving Bill, 2021" എന്ന കരട് ബില്ലിൽ നിന്നും ഒഴിവാക്കണമെന്ന് പരാമർശം (2) പ്രകാരം കേരള നിയമ പരിഷക്കരണ കമ്മീഷൻ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(1) (Sl.No.146) The Registration (Kerala Amendment) Act, 2013 (Act 31 of 2013)
(2) (Sl.No.147) The Indian Partnership (Kerala Amendment) Act, 2013 (Act 32 of 2013)
(3) (Sl.No.166) The Payment of Wages (Kerala Amendment) Act, 2015 (Act 11 of 2016)
(4) (Sl.No.169) The Hindu Succession (Kerala Amendment) Act, 2015 (Act 17 of 2016)
(5) (Sl.No.175) The Industrial Disputes (Kerala Amendment) Act, 2017 (Act 12 of 2017)

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള നിയമ പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച പതിനഞ്ചാമത് റിപ്പോർട്ടിലെ നിർദ്ദിഷ്ട "The Kerala Repealing and Saving Bill, 2021" എന്ന കരട് ബില്ലിൽ ഉൾപ്പെട്ട റദ്ദാക്കുന്നതിനുള്ള 122 ആക്റ്റുകളിൽ നിന്നും കേന്ദ്ര ആക്റ്റുകളിൽ ഉൽപ്പെടുത്തിയിട്ടുള്ള മേൽപ്പറഞ്ഞ 5 (അഞ്ച്) കേരള ഭേദഗതി ആക്റ്റുകൾ ഒഴിവാക്കണമെന്ന കേരള നിയമ പരിഷ്കരണ കമ്മീഷന്റെ ശിപാർശക്ക് അംഗീകാരം നൽകിക്കൊണ്ട് ഇതിനാൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വി ഹരി നായർ
നിയമ സെക്രട്ടറി

1. സെക്രട്ടറി, കേരള നിയമ പരിഷ്കരണ കമ്മീഷൻ, തിരുവനന്തപുരം
2. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
3. ബഹു.നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
4. പൊതുഭരണ (എസ്.സി) വകുപ്പ് (13/05/2022 തീയതിയിലെ ഇനം നമ്പർ 719)
5. നിയമ (നിയമനിർമ്മാണ-ഡി) വകുപ്പ് (ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന്)
6. നിയമ സെക്രട്ടറിയുടെ പി.എ
7. നിയമ സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ
8. അഡീഷണൽ നിയമ സെക്രട്ടറി, നിയമ (ഭരണ) വകുപ്പ്
9. ഇൻഫർമേഷൻ ഓഫീസർ, ഐ.ആന്റ് പി.ആർ.ഡി, വെബ് ആന്റ് ന്യൂ മീഡിയ
10. നിയമ (നോഡൽ) വകുപ്പ്
11. ഫയൽ/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Krishnankutty E.b**
**Date: 16-05-2022 11:47:23**
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# 53. മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 13-05-2022

ഫയൽ നം. 5550/സ്പെ.സെൽ/2022/നിയമം. ഇനം നം: 719

വിഷയം : നിയമ വകുപ്പ് - 24.11.2021-ലെ മന്ത്രിസഭായോഗം അംഗീകരിച്ച (ഇനം 391), കേരള നിയമ പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച പതിനഞ്ചാമത് റിപ്പോർട്ടിലെ നിർദ്ദിഷ്ട "THE KERALA REPEALING AND SAVING BILL, 2021" എന്ന കരട് ബില്ലിൽ ഉൾപ്പെട്ട റദ്ദാക്കുന്നതിനുള്ള 122 ആക്റ്റുകളിൽ നിന്നും കേന്ദ്ര ആക്റ്റുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള 5 (അഞ്ച്) കേരള ഭേദഗതി ആക്റ്റുകൾ ഒഴിവാക്കണമെന്ന കേരള നിയമ പരിഷ്കരണ കമ്മീഷന്റെ ശിപാർശക്ക് മന്ത്രിസഭയുടെ അംഗീകാരം നേടുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

67

719

52.

# കേരള സർക്കാർ

## (ശ്രീ പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | 5550/സ്പെ.സെൽ/2022/നിയമം |
| 2 | വകുപ്പ് | : | നിയമ (യൂണിഫൈഡ് സ്പെഷ്യൽ സെൽ) വകുപ്പ് |
| 3 | വിഷയം | : | 24/11/2021-ലെ മന്ത്രിസഭായോഗം അംഗീകരിച്ച (ഇനം 391), കേരള നിയമ പരിഷ്കരണ കമ്മിഷൻ സർക്കാരിന് സമർപ്പിച്ച പതിനഞ്ചാമത് റിപ്പോർട്ടിലെ നിർദ്ദിഷ്ട "THE KERALA REPEALING AND SAVING BILL, 2021" എന്ന കരട് ബില്ലിൽ ഉൾപ്പെട്ട റദ്ദാക്കുന്നതിനുള്ള 122 ആക്ടുകളിൽ നിന്നും കേന്ദ്ര ആക്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള 5 (അഞ്ച്) കേരള ഭേദഗതി ആക്ടുകൾ ഒഴിവാക്കണമെന്ന കേരള നിയമപരിഷ്കരണ കമ്മീഷന്റെ ശിപാർശക്ക് മന്ത്രിസഭയുടെ അംഗീകാരം നേടുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 25/04/2022 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?<br>ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>:<br>: | അല്ല<br>ഇല്ല<br>ഇല്ല |
| 6 | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>: | ഉണ്ട് , നിയമ (നിയമനിർമ്മാണ-ഡി) വകുപ്പ്<br>ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ നിയമ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. യമുനാ റാണി വി.ജി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. വി. ഹരി നായർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04/05/2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 05/05/2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 07/05/2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 09/05/2022 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | 13/05/2022 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/ കത്തിന്റെ തീയതി | : | 16/05/2022 |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. 24/11/2021-ലെ മന്ത്രിസഭായോഗം അംഗീകരിച്ച (ഇനം 391), കേരള നിയമ പരിഷ്കരണ കമ്മിഷൻ സർക്കാരിന് സമർപ്പിച്ച പതിനഞ്ചാമത് റിപ്പോർട്ടിലെ നിർദ്ദിഷ്ട "THE KERALA REPEALING AND SAVING BILL, 2021" എന്ന കരട് ബില്ലിൽ ഉൾപ്പെട്ട റദ്ദാക്കുന്നതിനുള്ള 122 ആക്റ്റുകളിൽ നിന്നും, കേരള നിയമപരിഷ്കരണ കമ്മീഷൻ സെക്രട്ടറിയുടെ 03/02/2022 തീയതിയിലെ കത്തിന്റെ അടിസ്ഥാനത്തിൽ, കേന്ദ്ര ആക്റ്റുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള 5 (അഞ്ച്) കേരള ഭേദഗതി ആക്റ്റുകൾ ഒഴിവാക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം വാങ്ങുന്നതാണ് ഈ ഫയലിലെ വിഷയം.

2. കാലഹരണപ്പെട്ട 218 ആക്റ്റുകൾ റദ്ദാക്കാൻ ശിപാർശ ചെയ്തുകൊണ്ട് "THE KERALA REPEALING AND SAVING BILL, 2021" എന്ന കരട് ബിൽ ഉൾപ്പെട്ട കേരള നിയമ പരിഷ്കരണ കമ്മിഷന്റെ പതിനഞ്ചാമത് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിൽ, കേരള നിയമ പരിഷ്കരണ കമ്മിഷന്റെ പതിനഞ്ചാമത് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള 218 ആക്റ്റുകളിൽ (ക്രമ നമ്പർ 1 മുതൽ 218 വരെ), ആദ്യത്തെ 96 ആക്റ്റുകൾ (ക്രമ നമ്പർ 1 മുതൽ 96 വരെ) ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ കേരള നിയമ പരിഷ്കരണ കമ്മിഷൻ 2009-ൽ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്നതാണെന്നും, പ്രസ്തുത 96 ആക്റ്റുകൾ (ക്രമ നമ്പർ 1 മുതൽ 96 വരെ) റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ നേരത്തെ തന്നെ സ്വീകരിച്ച് വന്നതായും കണ്ടെത്തുകയും, 24/11/2021 ലെ മന്ത്രിസഭായോഗം (ഇനം 391) പതിനഞ്ചാമത് റിപ്പോർട്ട് "THE KERALA REPEALING

AND SAVING BILL, 2021"-ൽ ഉൾപ്പെട്ട അവശേഷിക്കുന്ന 122 ആക്റ്റുകൾ റദ്ദാക്കുന്നതിനു അംഗീകാരം നൽകുകയുമുണ്ടായി. തുടർന്ന്, കേരള നിയമ പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച "THE KERALA REPEALING AND SAVING BILL, 2021" എന്ന കരട് ബില്ലിന്മേൽ പരിശോധന നടത്തി നിയമനിർമ്മാണ നടപടികൾ നടത്തുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് നിയമ (നിയമനിർമ്മാണ-ഡി) വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ട് 24/11/2021 തീയതിയിലെ സ.ഉ.(എം.എസ്) നം. 73/2021/നിയമം നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ഫയൽ നിയമ (നിയമനിർമ്മാണ-ഡി) വകുപ്പിന് നൽകുകയും ചെയ്തിട്ടുള്ളതാണ്.

3. കേരള നിയമ പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച പതിനഞ്ചാമത് റിപ്പോർട്ടിൽ ഉൾപ്പെട്ട "The Kerala Repealing and Saving Bill, 2021" എന്ന കരട് ബില്ലിൽ ഉൾപ്പെട്ട, കേന്ദ്ര ആക്റ്റുകൾക്കുള്ള കേരള ഭേദഗതി ആക്റ്റുകൾ, റദ്ദാക്കാനാകാത്തതിനാൽ, പ്രസ്തുത 5 (അഞ്ച്) കേരള ഭേദഗതി ആക്റ്റുകൾ "The Kerala Repealing and Saving Bill, 2021" എന്ന നിർദ്ദിഷ്ട കരട് ബില്ലിൽ നിന്നും ഒഴിവാക്കണമെന്നും 03/02/2022-ലെ 12/ഇ 1/2021/ കെ.എൽ.ആർ.സി നമ്പർ കത്ത് പ്രകാരം കേരള നിയമ പരിഷ്കരണ കമ്മീഷൻ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത ഭേദഗതി ആക്റ്റുകൾ കമ്മീഷൻ തെറ്റായിട്ടാണ് പതിനഞ്ചാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയതെന്നും, ആയതിനാൽ പ്രസ്തുത 5 (അഞ്ച്) ആക്റ്റുകൾ നിർദ്ദിഷ്ട "The Kerala Repealing and Saving Bill, 2021" എന്ന കരട് ബില്ലിൽ നിന്നും ഒഴിവാക്കണമെന്നും കേരള നിയമ പരിഷ്കരണ കമ്മീഷൻ സെക്രട്ടറി കത്തിൽ അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത 5 (അഞ്ച്) കേരള ഭേദഗതി ആക്റ്റുകൾ ചുവടെ ചേർക്കുന്നു:-

(1) (Sl.No.146) The Registration (Kerala Amendment) Act, 2013 (Act 31 of 2013)

(2) (Sl.No.147) The Indian Partnership (Kerala Amendment) Act, 2013 (Act 32 of 2013)
(3) (Sl.No.166) The Payment of Wages (Kerala Amendment) Act, 2015 (Act 11 of 2016)
(4) (Sl.No.169) The Hindu Succession (Kerala Amendment) Act, 2015 (Act 17 of 2016)
(5) (Sl.No.175) The Industrial Disputes (Kerala Amendment) Act, 2017 (Act 12 of 2017)

4. നിർദ്ദിഷ്ട "The Kerala Repealing and Saving Bill, 2021"-ൽ ഉൾപ്പെട്ട 122 ആക്റ്റുകൾ റദ്ദാക്കുന്നതിന് നേരത്തെ തന്നെ മന്ത്രിസഭ അംഗീകരിച്ചിട്ടുള്ളതിനാൽ, കേരള നിയമ പരിഷ്കരണ കമ്മീഷന്റെ നിർദ്ദിഷ്ട "The Kerala Repealing and Saving Bil, 2021"-ൽ നിന്നും കേന്ദ്ര ആക്റ്റുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള 5 (അഞ്ച്) കേരള ഭേദഗതി ആക്റ്റുകൾ റദ്ദാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിനും മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരം നേടേണ്ടതാണെന്ന് നിയമ (നിയമനിർമ്മാണ-ഡി) വകുപ്പ് (കു.ഫ. ഖണ്ഡിക 22), നിയമ (യൂണിഫൈഡ് സ്പെഷ്യൽ സെൽ) വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

5. മേൽ സാഹചര്യത്തിൽ, 24/11/2021-ലെ മന്ത്രിസഭായോഗം അംഗീകരിച്ച (ഇനം 391), കേരള നിയമ പരിഷ്കരണ കമ്മിഷൻ സർക്കാരിന് സമർപ്പിച്ച പതിനഞ്ചാമത് റിപ്പോർട്ടിലെ നിർദ്ദിഷ്ട "THE KERALA REPEALING AND SAVING BILL, 2021" എന്ന കരട് ബില്ലിൽ ഉൾപ്പെട്ട റദ്ദാക്കുന്നതിനുള്ള 122 ആക്റ്റുകളിൽ നിന്നും, കേരള നിയമപരിഷ്കരണ കമ്മീഷൻ സെക്രട്ടറിയുടെ 03/02/2022 തീയതിയിലെ കത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ആക്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള 5 (അഞ്ച്) കേരള ഭേദഗതി ആക്റ്റുകൾ ഒഴിവാക്കുന്നതിന് അംഗീകാരം വാങ്ങുന്നതിനായി മന്ത്രിസഭ മുമ്പാകെ സമർപ്പിക്കാമോ എന്നതിൽ മേൽ ഉത്തരവിനായി ഫയൽ ബഹുമാനപ്പെട്ട നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി മുഖേന ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യുകയും പ്രസ്തുത വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 25/04/2022-ൽ ഉത്തരവാകുകയുമുണ്ടായി.

**<u>തീരുമാനമെടുക്കേണ്ട സംഗതികൾ</u>**

24/11/2021-ലെ മന്ത്രിസഭായോഗം അംഗീകരിച്ച (ഇനം 391), കേരള നിയമ പരിഷ്കരണ കമ്മിഷൻ സർക്കാരിന് സമർപ്പിച്ച പതിനഞ്ചാമത് റിപ്പോർട്ടിലെ നിർദ്ദിഷ്ട "THE KERALA REPEALING AND SAVING BILL, 2021" എന്ന കരട് ബില്ലിൽ ഉൾപ്പെട്ട റദ്ദാക്കുന്നതിനുള്ള 122 ആക്റ്റുകളിൽ നിന്നും കേന്ദ്ര ആക്റ്റുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള 5 (അഞ്ച്) കേരള ഭേദഗതി ആക്റ്റുകൾ ഒഴിവാക്കണമെന്ന കേരള നിയമപരിഷ്കരണ കമ്മീഷന്റെ ശിപാർശ അംഗീകരിക്കാമോ ?